# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
**തിരുവനന്തപുരം**

നമ്പർ. 2021/ആർ2/2023/കെ.ഡി.ആർ.ബി — തിരുവനന്തപുരം
**13.12.2023**

**<u>ലഘു വിജ്ഞാപനം</u>**

വിജ്ഞാപന തീയതി **13.12.2023** — അവസാന തീയതി **11.01.2024**

മലബാർ ദേവസ്വം ബോർഡിലേയും ഗുരുവായൂർ ദേവസ്വത്തിലേയും താഴെപ്പറയുന്ന തസ്തികകളിലെ ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് ഹിന്ദു മതത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

1. **കാറ്റഗറി നമ്പർ : 24/2023 :- എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് IV (മലബാർ ദേവസ്വം ബോർഡ്)**

   ശമ്പളം : **7990 – 12930**, ഒഴിവുകൾ – **04** , പ്രായപരിധി : 20 നും – 27 നും മദ്ധ്യേ. ഉദ്യോഗാർത്ഥികൾ 01.01.2003–നും 02.01.1996 –നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

   **പരീക്ഷാഫീസ് :– രൂപ 500/– (പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് :– രൂപ 300/–)**
   യോഗ്യത – **ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം**

2. **കാറ്റഗറി നമ്പർ : 25/2023 :- ഇടുതുടി പ്ലെയർ ( ക്ഷേത്രം ) ( ഗുരുവായൂർ ദേവസ്വം ബോർഡ്)**

   ശമ്പളം : **26500 – 60700** , ഒഴിവുകൾ – **01** , പ്രായപരിധി : 20 നും – 36 നും മദ്ധ്യേ. ഉദ്യോഗാർത്ഥികൾ 01.01.2003 –നും 02.01.1987–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

   **പരീക്ഷാഫീസ് :– രൂപ 300/– (പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് :– രൂപ 200/–)**
   യോഗ്യതകൾ – 1) മലയാളം എഴുതുവാനും വായിക്കാനുമുള്ള പരിജ്ഞാനം 2) ബന്ധപ്പെട്ട കലയിൽ ( ഇടുതുടി ) ഗുരുവായൂർ ദേവസ്വം വാദ്യവിദ്യാലയത്തിൽ നിന്നോ, കേരള കലാമണ്ഡലത്തിൽ നിന്നോ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര കലാപീഠത്തിൽ നിന്നോ തത്തുല്യ സ്ഥാപനങ്ങളിൽ നിന്നോ നിർദ്ദിഷ്ട പഠനം വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതേ മേഖലയിലെ വിഖ്യാതരായ കലാകാരന്മാരിൽ നിന്ന് ലഭിച്ച അഞ്ചു വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്

**കുറിപ്പ് : മേൽ പറഞ്ഞ തസ്തികകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്**

അപേക്ഷ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും www.kdrb.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റ് സന്ദർശിക്കുക.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്